# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.07.2025**

### പ്രധാനവാർത്തകൾ

1. കേരളത്തിൽ നിന്നുള്ള സി. സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ 4 പേരെ രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു; നിയുക്ത എം പിമാർക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള യുവജനങ്ങൾക്കുള്ള മികച്ച അവസരങ്ങളാണ് പ്രധാനമന്ത്രിയുടെ മൻ കീ ബാത്ത് അടിസ്ഥാനമാക്കിയുള്ള ടാലന്റ് ഹണ്ട് വേദികളെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ.

3. പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്ക് മന്ത്രി കെ.ബി ഗണേഷ് കുമാർ തുടക്കം കുറിച്ചു; ശബരിമലയിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠ നടന്നു.

4. ഇന്ത്യൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പെട്ട ആക്സിയം-4 ദൗത്യത്തിന്റെ മടക്കയാത്ര നാളെ ആരംഭിക്കും.

5. ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിംഗ്സ് ഇന്ന് പുനഃരാരംഭിക്കും; വിംബിൾഡൺ ടെന്നീസ് പുരുഷ ഫൈനൽ ഇന്ന്.

********************************************

RNU TVPM

ഹെഡ്‌ലൈൻ-1

**രാജ്യസഭാ നാമനിർദ്ദേശം-രാഷ്ട്രപതി**

രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്തവരിൽ കേരളത്തിൽ നിന്നുള്ള സി. സദാനന്ദൻ മാസ്റ്ററും. വിദ്യാഭ്യാസ മേഖലയിൽ ദീർഘകാലം സേവനമനുഷ്ഠിച്ച സാമൂഹ്യ പ്രവർത്തകനാണ് സി. സദാനന്ദൻ മാസ്റ്റർ. രാഷ്ട്രീയ അക്രമത്തിന് ഇരയായ അദ്ദേഹത്തിന് രണ്ട് കാലുകളും നഷ്ടപ്പെട്ടിട്ടുണ്ട്. പ്രശസ്ത അഭിഭാഷകൻ ഉജ്ജ്വൽ ദേവ്റാവു നികം, മുൻ വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശൃംഗ്ല, ചരിത്രകാരി മീനാക്ഷി ജെയിൻ എന്നിവരും നാമാനിർദേശം ചെയ്തവരിൽ ഉൾപെടുന്നു. ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിലാണ് തീരുമാനം അറിയിച്ചത്. കല, സാഹിത്യം, ശാസ്ത്രം, സാമൂഹിക സേവനങ്ങൾ എന്നിവയിലെ സംഭാവനകൾ പരിഗണിച്ചു 12 പേരെയാണ് രാഷ്ട്രപതിക്ക് രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നത്.

***************************

ഹെഡ്‌ലൈൻ-1എ

**പ്രധാനമന്ത്രി - സി. സദാനന്ദൻ മാസ്റ്റർ**

നിയുക്ത രാജ്യസഭ എം. പിമാർക്ക് അഭിനന്ദനം നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മലയാളിയായ സി. സദാനന്ദൻ മാസ്റ്ററുടെ ജീവിതം അനീതിക്ക് മുന്നിൽ തലകുനിക്കാത്ത ധൈര്യത്തിന്റെ പ്രതിരൂപമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. അധ്യാപകൻ, സാമൂഹിക പ്രവർത്തകൻ, എന്നീ നിലകളിലും യുവജന ശാക്തീകരണ രംഗത്തും അദ്ദേഹം നടത്തിയ ശ്രമങ്ങൾ പ്രശംസനീയമാണെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

***************************

**ജയ്ശങ്കർ**

സിംഗപ്പൂരിലെത്തിയ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിന്റെ കേന്ദ്ര ബിന്ദുവാണ് സിംഗപ്പൂർ എന്ന് ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. അവസരങ്ങളുടെ പ്രധാന

PNUTVPM

ധ്രുവങ്ങളിലൊന്നായി ഇന്ത്യ മാറുകയാണെന്ന് വിവിയൻ ബാലകൃഷ്ണൻ പറഞ്ഞു. സിംഗപ്പൂർ സന്ദർശനത്തിന് ശേഷം, ശ്രീ. ജയശങ്കർ വിദേശകാര്യ മന്ത്രിമാരുടെ എസ് സി ഒ യോഗത്തിൽ പങ്കെടുക്കാൻ ചൈനയിലെ ടിയാൻജിനിലേക്ക് പോകും.

**************************

ഹെഡ്ലൈൻ-2

**മൻ കി ബാത്ത് - ടാലന്റ് ഹണ്ട് (ഇൻട്രോ)**

സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്ന് തന്നെ കഴിവുള്ള യുവ ജനതയെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുക എന്നതാണ് മൻകി ബാത്ത് ടാലന്റ് ഹണ്ട് പോലുള്ള വേദികൾ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ. കഴിവും നേതൃ ഗുണവുമുള്ള യുവജനങ്ങളെ രാഷ്ട്ര വികസനത്തിൽ പങ്കാളികളാക്കുക എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിന് കരുത്തേകുന്നതാണ് ഈ ഉദ്യമമെന്നും മന്ത്രി പറഞ്ഞു. പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി മേരാ യുവ ഭാരതിൻറെ ആഭിമുഖ്യത്തിൽ മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5 ന്റെ ഫൈനൽ മത്സരം കഴക്കൂട്ടത്ത് സ്വകാര്യ സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിൽ യുവ ജനങ്ങളുടെ കഴിവുകളെയും കേന്ദ്ര സഹമന്ത്രി പ്രശംസിച്ചു.

(ഹോൾഡ് വോയിസ്)

PNUTVPM

**************************

**തദ്ദേശ പൊതുതിരഞ്ഞെടുപ്പ്: യോഗം**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ 2025 ലെ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനായി രാഷ്ട്രീയപാർട്ടിയിലെ സംസ്ഥാനതല പ്രതിനിധികളുടെ യോഗം ഈ മാസം 19ന് വിളിച്ചുചേർക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. തിരുവനന്തപുരത്ത് മാസ്കറ്റ് ഹോട്ടലിലാണ് യോഗം.

**************************

**വാർഡ് വിഭജന കരട് റിപ്പോർട്ട്**

സംസ്ഥാനത്തെ ജില്ലാപഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ കരട് റിപ്പോർട്ട് ഈ മാസം 21 ന് പ്രസിദ്ധീകരിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ എ.ഷാജഹാൻ അറിയിച്ചു. കരട് റിപ്പോർട്ട് സംബന്ധിച്ച് പരാതികളും ആക്ഷേപങ്ങളും ജൂലൈ 25 വരെ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ, രജിസ്റ്റേഡ് തപാലിലോ നൽകാം.
***************************

ഹെഡ്ലൈൻ-3

## ആറന്മുള വള്ളസദ്യ

പ്രസിദ്ധമായ ആറന്മുള വള്ളസദ്യയ്ക്ക് തുടക്കമായി. വഞ്ചിപ്പാട്ടിന്റെ ഈരടികൾ മുഴങ്ങിയ അന്തരീക്ഷത്തിൽ ക്ഷേത്ര മുറ്റത്ത് ആന കൊട്ടിലിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്ത് വിളക്കുകൊളുത്തി ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ ഉദ്ഘാടനം നിർവഹിച്ചു. പാഞ്ചജന്യം ഓഡിറ്റോറിയത്തിൽ കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിന്റെ പഞ്ചപാണ്ഡവ ക്ഷേത്രദർശന യാത്രയുടെ ഭാഗമായി നടത്തുന്ന വള്ളസദ്യയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ഒക്ടോബർ രണ്ടു വരെ 80 ദിവസം നീണ്ടു നിൽക്കുന്നതാണ് ഇത്തവണത്തെ വള്ള സദ്യക്കാലം. ഏഴു പള്ളിയോടങ്ങളാണ് ഇന്ന് വള്ളസദ്യയിൽ പങ്കെടുക്കുന്നത്.
***************************

ഹെഡ്ലൈൻ-3എ

## ശബരിമല

തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ ശബരിമലയിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠ നടന്നു. മാളികപ്പുറം ക്ഷേത്രത്തിന്റെ മുന്നിൽ കിഴക്കുവടക്കുഭാഗത്തായാണ് നവഗ്രഹ ശ്രീകോവിൽ നിർമ്മിച്ചിട്ടുള്ളത്. പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജകൾ പൂർത്തിയാക്കി ഇന്നു രാത്രി 10നു നട അടയ്ക്കും. തുടർന്ന് കർക്കടക മാസ പൂജയ്ക്കായി ഈ മാസം 16 ന് നടതുറക്കും.
***************************

## സംഗീതോത്സവം - സമാപനം (ഇൻട്രോ)

RNUTVPM

പയ്യന്നൂരിൽ നടന്നുവരുന്ന തുരീയം സംഗീതോത്സവം ഇന്ന് സമാപിക്കും. തുടർച്ചയായ 111 ദിവസം പയ്യന്നൂരിനെ സംഗീത സാന്ദ്രമാക്കിയ ആഘോഷത്തിനാണ് തിരശ്ശീല വീഴുന്നത്. **ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

**************************

ഹെഡ്ലൈൻ-4

## ശുഭാംശു ശുക്ല

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുടെയും ആക്സിയം-4 ദൗത്യത്തിലെ മറ്റ് മൂന്ന് അംഗങ്ങളുടെയും മടക്കയാത്ര നാളെ ആരംഭിക്കും. നാളെ വൈകുന്നേരം 4:30 ന് അൺഡോക്കിംഗ് ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ചൊവ്വാഴ്ച വൈകുന്നേരം 3:00 മണിയോടെ സംഘം തിരിച്ചെത്തുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. 14 ദിവസത്തെ ദൗത്യത്തിനാണ് സംഘം ബഹിരാകാശത്തേക്ക് യാത്ര തിരിച്ചത്. അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരനും 1984 ൽ ബഹിരാകാശത്തേക്ക് പോയ വിംഗ് കമാൻഡർ രാകേഷ് ശർമ്മയ്ക്ക് ശേഷം രണ്ടാമത്തെ ഇന്ത്യൻ ബഹിരാകാശയാത്രികനുമാണ് അദ്ദേഹം.

**************************

PNUT/PM

ഹെഡ്ലൈൻ-5

## ടെസ്റ്റ് ക്രിക്കറ്റ്

ലോർഡ്സിൽ നടക്കുന്ന ഇന്ത്യ ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിൽ ഇംഗ്ലണ്ട് ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനഃരാരംഭിക്കും. വൈകിട്ടു 3:30 നാണു മത്സരം. ഇന്നലെ മൂന്നാം ദിവസം കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റൊന്നും നഷ്ടമാവാതെ 2 റൺസ് എന്ന നിലയിലാണ്. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 387 റൺസിന് പുറത്തായി. കെ.എൽ. രാഹുൽ സെഞ്ച്വറി നേടി. അഞ്ച് മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പര നിലവിൽ 1-1 എന്ന നിലയിൽ സമനിലയിലാണ്.

***************************

ഹെഡ്‌ലൈൻ-5എ

## വിംബിൾഡൺ ടെന്നീസ്

വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ യാനിക് സിന്നർ സ്‌പെയിനിന്റെ കാർലോസ് അൽകരാസിനെ നേരിടും. രാത്രി 8:30 ന് മത്സരം ആരംഭിക്കും. വനിതാ സിംഗിൾസ് കിരീടം പോളണ്ടിന്റെ ഇഗ ഷ്യാൻടെക് സ്വന്തമാക്കി. ഇന്നലെ നടന്ന ഫൈനലിൽ യു എസ്സിന്റെ അമാൻഡ അനിസിമോവയെയാണ് ഇഗ പരാജയപ്പെടുത്തിയത്.

***************************

## മൂന്നാർ-കയ്യേറ്റ ഭൂമി പൊളിച്ചു

മൂന്നാറിൽ റവന്യൂ ഭൂമി കയ്യേറി നിർമ്മിച്ച കെട്ടിടം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പൊളിച്ചു നീക്കി. മൂന്നാർ ന്യൂ നഗറിൽ ഗവ. ഹോമിയോ ആശുപത്രിക്ക് സമീപത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടമാണ് പൊളിച്ചു നീക്കിയത്. പ്രതിഷേധം മുന്നിൽക്കണ്ട് മൂന്നാർ എസ്എച്ച്ഒയുടെ നേതൃത്വത്തിൽ വൻ പോലീസ് സംഘം സ്ഥലത്തെത്തിയിരുന്നു. അതേ സമയം വൻകിട കയ്യേറ്റങ്ങൾക്കെതിരെ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ലെന്നും സാധാരണക്കാരെ ദ്രോഹിക്കുന്ന നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതെന്ന ആക്ഷേപവും ശക്തമാണ്.

RNU TVPM

***************************

## കോഴിക്കോട് അപകടം

കോഴിക്കോട് കുറ്റിച്ചിറകുളത്തിൽ നീന്തലിനിടെ കുട്ടി മരിച്ചു. പയ്യാനക്കൽ സ്വദേശി യഹ് യ ആണ് മരിച്ചത്.

***************************

## കൊയിലാണ്ടി അപകടം

കൊയിലാണ്ടിയിൽ കെഎസ്ആർടിസി ബസും മിനി പിക്കപ്പും കൂട്ടിയിടിച്ച് അപകടം. ഇന്ന് പുലർച്ചെ അഞ്ചുമണിയോട് കൂടിയാണ് പൂക്കാട് പെട്രോൾ പമ്പിന് സമീപം ദേശീയ പാതയിൽ കൊയിലാണ്ടി ഭാഗത്തേക്ക് വരികയായിരുന്ന കെഎസ്ആർടിസി

ബസിന് പുറകിലാണ് മിനി പിക് അപ്പ് വാഹനം ഇടിച്ചത്. അപകടത്തിൽ വയനാട് സ്വദേശിക്ക് പരിക്കേറ്റു.
***************************

## കാട്ടാന ചരിഞ്ഞു

ഇടുക്കി അടിമാലി, പീച്ചാട് പ്ലാമലക്ക് സമീപം കഴിഞ്ഞ ദിവസം അവശനിലയിൽ കണ്ടെത്തിയ കാട്ടാന ചരിഞ്ഞു. 40 വയസ്സിൽ അധികം പ്രായം കണക്കാക്കുന്ന പിടിയാനയാണ് ചരിഞ്ഞത്. സംഭവത്തിൽ വനം വകുപ്പ് തുടർ നടപടി സ്വീകരിച്ചു.
***************************

## മെത്താഫിറ്റമിൻ പിടികൂടി

കൊല്ലത്തു 4കിലോയോളം വരുന്ന മെത്താഫിറ്റമിൻ പിടികൂടി. എക്സൈസ് കൊല്ലം റേഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കാറിലെത്തിയ 2 യുവാക്കൾ അറസ്റ്റിലായി. ഇതുകൂടാതെ തൃക്കരുവയിലെ ഒരു വീട്ടിൽ നിന്നും ലഹരിമരുന്ന് കണ്ടെടുത്തു.
***************************

## ട്രെയിനപകടം

തമിഴ്നാട്ടിൽ തിരുവല്ലൂരിന് സമീപം ചരക്ക് ട്രെയിന് തീപിടിച്ചു. ഡീസൽ കയറ്റിവന്ന ട്രെയിനിനാണ് തീപിടിത്തമുണ്ടായത്. മുന്നൊരുക്കത്തിൻറെ ഭാഗമായി 2 കിലോമീറ്റർ ചുറ്റളവിൽ ആളുകളെ മാറ്റിപാർപ്പിച്ചു. തുടർന്ന് പല ട്രെയിനുകളുടെയും യാത്രാ സമയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.
***************************

## സ്വർണവില

സ്വർണവിലയിൽ മാറ്റമില്ല. സ്വർണം ഗ്രാമിന് 9,140 രൂപയും, പവന് 73,120 രൂപയുമാണ് ഇന്നത്തെ വില.
***************************

## ആലപ്പുഴ - ആയുർവേദ ആശുപത്രി

ആലപ്പുഴ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ സർക്കാർ ആയുർവേദ ആശുപത്രി ഉപകേന്ദ്രവും നവീകരിച്ച വായനശാലയും നാളെ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ചെറിയനാട്

RNU TVPM

ചെറുവല്ലൂരിലെ ഏഴാം വാർഡിലാണ് ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നത്.

*

*********

*******************************************

RNU TVPM